

# കല്ലേറ്റുംകര ഇൻഫന്റ് ജീസസ് ഇടവക

ആദ്യകാലങ്ങളിൽ കല്ലേറ്റുംകര പ്രദേശം ഉൾപ്പെട്ടിരുന്നത് പുരാതനമായ വെളയനാട് ഇടവകയുടെ പരിധിയിലായിരുന്നു. 1861-ൽ, വെളയനാട് ഇടവകാംഗമായ ചിറ്റിലപ്പിള്ളി പെ. ബഹു. യോഹന്നാൻ അച്ചൻ (അവിട്ടത്തൂർ) വെളയനാട് ഇടവകയുടെ പരിധിയിൽ ആവശ്യാനുസരണം ഒരു പള്ളി പണിയുന്നതിന് വരാപ്പുഴ ബിഷപ്പിന്റെ അനുവാദം സമ്പാദിച്ചിരുന്നു. അങ്ങനെയിരിക്കെ വിദൂരസ്ഥമായ കല്ലേറ്റുംകര നിവാസികളുടെ ആവശ്യവും ആഗ്രഹവും കണക്കിലെടുത്ത് ബഹു. അച്ചൻ കല്ലേറ്റുംകരയിൽ വരികയും പറ്റിയ സ്ഥലം കണ്ടെത്തുകയും ചെയ്തു. ഇവിടെ പള്ളി പണിയുന്നതിന് അന്നത്തെ കൊച്ചിരാജാവ് സ്ഥലം കരമൊഴിവാക്കി കൊടുത്തു.

## പള്ളി

അപ്രകാരം 1861-ൽ ഇന്നത്തെ പള്ളിയുടെ പടിഞ്ഞാറ് ഭാഗത്ത് പരമ്പരാഗതമായ രീതിയിൽ കിഴക്കുഭാഗത്ത് മദ്ബഹായോടുകൂടി പടിഞ്ഞാറോട്ട് ദർശനമായി പനയോലയും മുളയും ഉപയോഗിച്ചാണ് പള്ളി പണിതത്. അതോടൊപ്പം വൈദിക മന്ദിരവും സിമിത്തേരിയും നിർമ്മിച്ചു. എല്ലാവരുടെയും സഹകരണത്തോടുകൂടി 1861-ൽ ഉണ്ണീശോയുടെ നാമധേയത്തിൽ സ്ഥാപിച്ച പള്ളിയിൽ 1863 വരെ അദ്ദേഹം വികാരിയായി ശുശ്രൂഷ ചെയ്തു. 1865-ൽ മരണമടഞ്ഞ അദ്ദേഹത്തെ ഇവിടെത്തന്നെയാണ് സംസ്കരിച്ചത്.

ദൈവദാസൻ ബഹു. ജോസഫ് വിതയത്തിലച്ചൻ ഇവിടെ കുറച്ചുകാലം വികാരിയായിരുന്നിട്ടുണ്ട്. 1891-ൽ പള്ളി പുതുക്കിപ്പണിതു. അതിന് നേതൃത്വം നല്കിയത് അന്നത്തെ വികാരിയായിരുന്ന പഴയാറ്റിൽ ഉറുവത്ത് ബഹു. മാത്തു അച്ചനാണ്. രൂപതയിലെ ഉന്നത സ്ഥാനീയരായ വൈദികനായിരുന്നു അദ്ദേഹം. 1891 ഫെബ്രുവരി 28-ന് തറക്കല്ലിട്ടത് ബഹു. മാത്തു അച്ചനാണ്.

പിന്നീട് ബഹു. ജോസഫ് വി. മഞ്ഞളിയച്ചൻ (1951-57) വികാരിയായിരിക്കവെ പള്ളിയുടെ അൾത്താരയും മദ്ബഹായും ഇന്നുള്ള രീതിയിൽ പുതുക്കിപ്പണിതു. പണ്ഡിതനായിരുന്ന ബഹു. ജോസഫ് തെക്കിനിയത്ത് അച്ചന്റെ നിർദ്ദേശാനുസരണം (1957-60) ഇടവകയുടെ ശതാബ്ദി 1960-ൽ അനാർഭാടമായി ആഘോഷിക്കുകയും സ്മാരകമായി പള്ളിനടയിലെ സെന്റ് തോമസ് കപ്പേള മനോഹരമായി പുതുക്കിപ്പണിയുകയും ചെയ്തു. പള്ളിയുടെ രണ്ടു ഭാഗത്തുമായി സൗകര്യാർത്ഥം വിങ്ങുകൾ ആദ്യം



പഴയപള്ളി

നിർമ്മിച്ചത് ബഹു. ജോസ് അക്കരക്കാരനച്ചന്റെ കാലത്താണ്.

## ദേവാലയ നവീകരണം

ബഹു. പോൾ ചാലിശ്ശേരിയച്ചന്റെ കാലഘട്ടത്തിൽ (1966-69) ആണ് കല്ലേറ്റുംകരയിൽ പഴയ പള്ളി കാര്യമായ രീതിയിൽ പരിഷ്കരിക്കാൻ ആരംഭിച്ചു. തുടർന്ന് സേവനം ചെയ്ത ബഹു. അബ്രാഹം കിഴക്കൂടനച്ചന്റെ (Jr.) കാലത്താണ് പൂർത്തിയായത്.

ബഹു. ജോൺ എടാട്ടുകാരൻ അച്ചൻ വികാരിയായിരുന്നപ്പോൾ (1984-87) പള്ളിയുടെ 125 വർഷത്തിന്റെ ജൂബിലി 1986-ൽ സമാഘോഷിക്കുകയും ജൂബിലി സ്മാരകമായി ഒരു മിനി പാരിഷ്ഹാൾ വൈദിക മന്ദിരത്തോട് ചെർന്ന് പണിയുകയും ചെയ്തു.

1991-ൽ ഇടവകയുടെ ജിഹ്വയായ പാരിഷ് ബുള്ളറ്റിൻ പ്രസിദ്ധീകരണം ആരംഭിച്ചു. 1993-ൽ രൂപതയുടെ ഫാമിലി അപ്പോസ്തലേറ്റിന് പുതിയ സെന്റർ പണിയുവാൻവേണ്ടി വാങ്ങിയ സ്ഥലത്താണ് ക്രമേണ PACS നിർമ്മിച്ചത്. ഇപ്പോഴത്തെ വികാരി ബഹു. തോമസ് പഞ്ഞിക്കാരനച്ചന്റെ നേതൃത്വത്തിൽ നിലവിലുള്ള പുരാതന ദൈവാലയം പുതുക്കിപ്പണിയുന്നതിനു വേണ്ടി ഇടവക ജനം ഒറ്റക്കെട്ടായി പരിശ്രമിക്കുന്നു. അടിസ്ഥാനശിലയുടെ ആശീർവാദകർമ്മം 2009 ഫെബ്രുവരിയിൽ ആർച്ച് ബിഷപ്പ് ഡോ. ജോർജ്ജ് പാനികുളം നിർവ്വഹിച്ചു.

## സാമൂഹ്യരംഗത്ത്

കല്ലേറ്റുംകര ഇടവകയുടെയും പ്രദേശത്തിന്റെയും വികസനത്തിൽ നിർണ്ണായക പങ്കുവഹിച്ച വികാരിയച്ചനാണ് (1926-1932) മലമേൽ ബഹു.



നഴ്സറി സ്കൂൾ

അന്ത്രയോസ് അച്ചൻ (ഫാ. ആൻഡ്രൂസ് മലമേൽ). ഇന്നാട്ടിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളായ വില്ലേജ് ഓഫീസ്, വില്ലേജ് ലൈബ്രറി, പോസ്റ്റ് ഓഫീസ്, രജിസ്റ്റർ ഓഫീസ് എന്നിവ ഇവിടെ സ്ഥാപിതമായത് ബഹു. അച്ചന്റെ പരിശ്രമത്താലായിരുന്നു. കല്ലേറ്റുംകരയിലെ സാമൂഹിക-സാംസ്കാരിക രംഗത്ത് നിറഞ്ഞുനിന്ന ഒരു പുരോഹിതനായിരുന്നു അദ്ദേഹം. അദ്ദേഹത്തോടുള്ള ആദരസൂചകമായി കല്ലേറ്റുംകരയിലെ വില്ലേജ് ലൈബ്രറിക്ക് "ഫാ. ആൻഡ്രൂസ് മെമ്മോറിയൽ വില്ലേജ് ലൈബ്രറി & റീഡിംഗ് റൂം" എന്ന പേര് നല്കി ഗവണ്മെന്റിൽ നിന്ന് അംഗീകാരം വാങ്ങി. 25.5.1932-ൽ അദ്ദേഹം ഈ ഇടവകയിൽ വച്ചുതന്നെ ചരമം പ്രാപിക്കുകയും ഇവിടെ പള്ളിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. ബഹു. അക്കരക്കാരനച്ചന്റെ ഉത്സാഹത്താൽ വല്ലക്കുന്നിൽ കോൾപിങ്ങ് സെന്ററും പള്ളിക്ക് സമീപം ഒരു എള്ളാട്ടുകമ്പനിയും കുറച്ചുകാലം പ്രവർത്തിച്ചിരുന്നു.



വൈദിക മന്ദിരം

## പാരിഷ്ഹാൾ, പുതിയ വൈദികമന്ദിരം

ബഹു. ജോണി മേനാച്ചേരി അച്ചന്റെ കാലഘട്ടത്തിലാണ് (1999-2001) ഇടവകയ്ക്കുവേണ്ടി സൗകര്യപ്രദമായ ഒരു പാരിഷ്ഹാൾ പണിതതും ഇൻഫന്റ് ജീസസ് ചാരിറ്റബിൾ ട്രസ്റ്റിന് ആരംഭം കുറിച്ചതും. 2003-ൽ പുലിപ്പാറക്കുന്ന് പ്രദേശത്ത് St. Mary's F.S.M.A. കോൺവെന്റ് ആരംഭിക്കുകയുണ്ടായി.



പാരിഷ് ഹാൾ



ഉണ്ണീശോയുടെ ബെത്‌ലെഹം ഗ്രോട്ടോ

ബഹു. വിൻസെന്റ് ചാലിശ്ശേരിയച്ചൻ വികാരിയായിരിക്കുമ്പോൾ (2003-2007) വൈദികമന്ദിരം പുതുക്കിപ്പണിത് സജ്ജീകരിക്കുകയും 2005 മാർച്ച് 19-ന് അഭിവന്ദ്യ പിതാവ് വെഞ്ചരിപ്പുകർമ്മം നടത്തുകയും ചെയ്തു.

ഇപ്പോഴത്തെ വികാരിയായ ബഹു. തോമസ് പഞ്ഞിക്കാരൻ 2007 ജനുവരി മാസത്തിലാണ് ഇവിടെ ചുമതലയേറ്റത്. ബഹു. അച്ചന്റെ പരിശ്രമഫലമായി ചുരുങ്ങിയ കാലത്തിനിടയിൽ രൂപംകൊണ്ടതാണ് പുതിയ അൾത്താര, ബെത്‌ലെഹം ഗ്രോട്ടോ എന്നിവ. വല്ലക്കുന്നിലെ സെന്റ് ജോസഫ്സ് കപ്പേളയും ഈ കാലഘട്ടത്തിൽത്തന്നെ പൂർത്തിയാക്കപ്പെട്ടു.

## നിലവിലുള്ള കപ്പേളകൾ

പള്ളിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും ബന്ധപ്പെട്ട കുടുംബയൂണിറ്റുകളുടെ സഹകരണത്തോടെയുമായി താഴെ പറയുന്ന കപ്പേളകളാണ് ഇടവകയിലുള്ളത്. സെന്റ് ആന്റണീസ്, ചെറുപുഷ്പം, സെന്റ് തോമസ് പള്ളിനട, സെന്റ് ജോൺ, വേളാങ്കണ്ണിമാത, സെന്റ് ജോസഫ് എന്നിവരുടെ നാമധേയത്തിൽ ഇടവകയുടെ നാനാ ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്ന കപ്പേളകൾക്ക് പുറമെ പള്ളിയുടെ ഗെയ്റ്റിനരികെ ഉണ്ണീശോയുടെ സ്തൂപവും വണക്കത്തിനായി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, 2008 ൽ വല്ലക്കുന്നിൽ സെന്റ് ജോസഫ് കപ്പേള നിർമ്മക്കുകയുണ്ടായി.

## മതബോധനം, സംഘടനകൾ

1978-ൽ 14 യൂണിറ്റുകളിലായി പ്രവർത്തനം ആരംഭിച്ച കുടുംബസമ്മേളനങ്ങൾ 1984-ൽ 16 ആയിത്തീരുകയും 1993-ൽ പുനർവിഭജനത്തെത്തുടർന്ന് 20 ആയി വർദ്ധിക്കുകയും ചെയ്തു. എന്നാൽ 1999-ൽ ഒരു കുടുംബയൂണിറ്റ് ഉൾപ്പെടെ ഏതാനും വീടുകൾ ആളൂർ പ്രസാദവരനാഥ ഇടവകയിൽ ഉൾപ്പെടാൻ ഇടയായതിനാൽ ഇപ്പോൾ ആകെ 19 കുടുംബയൂണിറ്റുകളിലായി ആകെ 996 കുടുംബങ്ങളാണുള്ളത്. ഇടവകയുടെ ജിഹ്വയായി 1991-ൽ ആരംഭിച്ച 'വചനം' പാരിഷ്ബുള്ളറ്റിനും പ്രസിദ്ധീകരിക്കുന്നു. മതബോധനം, ദർശനസഭ, വിവിധ സംഘടനകൾ എന്നിവ സജീവമായി മുന്നേറുന്നു.

## വിവിധ സ്ഥാപനങ്ങൾ
## ഐ.ജെ.എൽ.പി. സ്ക്കൂൾ



ഇൻഫന്റ് ജീസസ് എൽ.പി. സ്ക്കൂൾ

പള്ളിയോടുചേർന്ന് പള്ളിക്കൂടം എന്ന വീക്ഷണത്തോടെ 1912-ൽ പള്ളിയിൽ നിന്ന് നേരിട്ട് പള്ളിവക സ്ഥലത്ത് 1912-ൽ പൊഴോലിപറമ്പിൽ ബഹു. ക്രൂസ് (പൗലോസ്) അച്ചൻ സ്ഥാപിച്ചതാണ് കല്ലേറ്റുംകര ഐ.ജെ.എൽ.പി. സ്ക്കൂൾ. 400-ഓളം വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ ഇപ്പോൾ ഇവിടെ പഠനം നടത്തുന്നു.

## ബി.വി.എം. ഹൈസ്ക്കൂൾ

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തുടർവിദ്യാഭ്യാസത്തിന് ഇവിടെത്തന്നെ സൗകര്യം വേണമെന്ന ചിന്തയോടെ ഈ പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസ സൗകര്യത്തിനായി പള്ളിവക സ്ഥലത്ത് ബി.വി.എം. ഹൈസ്കൂൾ ആരംഭിക്കുന്നതിന് ഇളംകുന്നപ്പുഴ കുന്നത്തുപറമ്പിൽ ബഹു. പൊറിഞ്ചു അച്ചൻ രണ്ടാം പ്രാവശ്യം വികാരിയായിരുന്ന കാലഘട്ടത്തിൽ (1942-44) ഉത്സാഹിക്കുകയും തുടർന്ന് വികാരിയായി വന്ന ബഹു. തോമസ് ഇരിമ്പനച്ചൻ യാഥാർത്ഥ്യമാക്കുകയും ചെയ്തു. 1944-ലാണ് ബി.വി.എം.ഹൈസ്ക്കൂൾ ആരംഭിച്ചത്. യു.പി. വിഭാഗം കാലാന്തരത്തിൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. പള്ളിക്കും ഇടവകക്കാരിൽ ചിലർക്കും ഓഹരിയുള്ള വിദ്യാഭ്യാസ ട്രസ്റ്റിന്റെ കീഴിലാണിത്. ഓഹരിക്കാരുടെ പൊതുയോഗം നിശ്ചയിക്കുന്ന കമ്മിറ്റിയാണ് ഇതിന്റെ മാനേജ്മെന്റ് കാര്യങ്ങൾ ഇപ്പോൾ ശ്രദ്ധിക്കുന്നത്. നാലുദശകത്തോളം കാലം ബഹു. ഹോളി ഫാമിലി സിസ്റ്റേഴ്സ് ഇവിടത്തെ യു.പി. വിഭാഗത്തിൽ അധ്യാപകരായിരുന്നു.



ബി.വി.എം. ഹൈസ്ക്കൂൾ

## സി.എച്ച്.എഫ് കോൺവെന്റ്

ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമ വികാരി ജനറാളായ മോൺ. സഖറിയാസ് പുതുശ്ശേരിയച്ചൻ ഇവിടെ വികാരിയായിരുന്ന കാലഘട്ടത്തിൽ (1960-63) സന്യസ്തരുടെ സേവനം ഇടവകയുടെ ആത്മീയ വളർച്ചയ്ക്ക് ഉപകരിക്കുമെന്ന പ്രതീക്ഷയോടുകൂടി 1961-ൽ ആണ് ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ സെന്റ് പോൾസ് കോൺവെന്റ് സ്ഥാപിതമായത്.

## പാവനാത്മ പ്രൊവിൻഷ്യൽ ഹൗസ്



പ്രൊവിൻഷ്യൽ ഹൗസ്

സെന്റ് പോൾസ് കോൺവെന്റിനോടനുബന്ധിച്ച് 1976-ൽ പാവനാത്മ റീജിനൽ ഹൗസ് ആരംഭിച്ചു. ആദ്യകാലങ്ങളിൽ ഇവ രണ്ടും നൈയാമികമായി രണ്ട് വ്യത്യസ്ത സ്ഥാപനങ്ങളായിട്ടാണ് നിലനിന്നിരുന്നത്. 1978-ലാണ് ഹോളി ഫാമിലി സന്യാസിനീസഭയുടെ പാവനാത്മാ പ്രോവിൻസ് രൂപംകൊണ്ടത്. അടുത്തയിടെയായി ഇരുസ്ഥാപനങ്ങളും സമന്വയിപ്പിക്കുകയുണ്ടായി. പ്രോവിൻസായതിനെത്തുടർന്ന് ബഹു. സിസ്റ്റേഴ്സിന്റെ പ്രാരംഭപരിശീലനം പ്രൊവിൻഷ്യൽ ഹൗസിൽ നടത്തിയിരുന്നു. 2003-ൽ പ്രോവിൻസിന്റെ രജതജൂബിലി സമാഘോഷിക്കുകയുണ്ടായി.

## ഹോളിക്രോസ് കോൺവെന്റ്

സ്വിറ്റ്സർലണ്ടിലെ ജെനീവ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സന്യാസിനീസമൂഹമാണ് ഹോളി



ഹോളിക്രോസ് കോൺവെന്റ്



ഹോളിക്രോസ് നഴ്സറി

ക്രോസ് സിസ്റ്റേഴ്സ് അഥവാ സിസ്റ്റേഴ്സ് ഓഫ് ഷവനോ (Sisters of the Cross of Chavanaud). ഇവരുടെ കൽക്കട്ടാ പ്രോവിൻസിന്റെ കീഴിൽ 1997-ൽ പള്ളിയുടെ പടിഞ്ഞാറുഭാഗത്ത് വാങ്ങിയ സ്ഥലത്താണ് കോൺവെന്റ് സ്ഥാപിതമായത്. ഇടവകയുടെ വിവിധ ശുശ്രൂഷകളിൽ അവർ വേണ്ടവിധം സഹകരിക്കുന്നു.

കൂടാതെ, 2003-ൽ കല്ലേറ്റുംകര ഇടവകയുടെ പരിധിയിൽ പുലിപ്പാറക്കുന്ന് പ്രദേശത്ത് ആരംഭിച്ച F.S.M.A. കോൺവെന്റ് പുതുതായി രൂപംകൊണ്ട പ്രസാദവരനാഥ ഇടവകയുടെ പരിധിയിലായി.

## വേർപിരിഞ്ഞ ഇടവകകൾ

കാലാകാലങ്ങളിൽ ഇവിടെനിന്ന് വേർപിരിഞ്ഞുപോയ ഇടവകകളാണ് പാറേക്കാട്ടുകര, മുരിയാട്, പുല്ലൂർ, പ്രസാദവരനാഥ ആളൂർ എന്നിവയും സമീപകാലത്ത് രൂപംകൊണ്ട വല്ലക്കുന്ന് ഇടവകയും. കൂടാതെ കടുപ്പശ്ശേരി, കൊടകര, ആനത്തടം, താഴെക്കാട് എന്നീ ഇടവകകളുടെ ഏതാനും ഭാഗങ്ങളും ഇവിടെനിന്ന് പോയ കുടുംബങ്ങളാണ്. 1887-കാലഘട്ടത്തിൽ കല്ലേറ്റുംകര, വെളയനാട് എന്നീ പള്ളികളിൽനിന്നാണ് താഴെക്കാട് പള്ളിയിലെ ആത്മീയകാര്യങ്ങൾ നടത്തിയിരുന്നത് എന്നതും ശ്രദ്ധേയമാണ്.

## പാസ്റ്ററൽ ആനിമേഷൻ സെന്റർ (PACS)

ഇടവക അതിർത്തിയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സമീപം 1993-ൽ രൂപത വാങ്ങിയ സ്ഥലത്ത് രൂപതകേന്ദ്രത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പണിതീർത്ത് 2000 ഡിസംബർ 9-ാം തിയ്യതി ആശീർവദിച്ച് ഉദ്ഘാടനം ചെയ്തതാണ് പാസ്റ്ററൽ ആനിമേഷൻ സെന്റർ ഫോർ സ്റ്റഡീസ് (Pastoral Animation Centre for Studies) എന്ന ബൃഹത്തായ സ്ഥാപനം. 2001 മുതൽ വിവാഹത്തിന് ഒരുക്കമായുള്ള പ്രീ- കാന കോഴ്സ്, തിയോളജി കോഴ്സ്, ബൈബിൾ കോഴ്സ്, ധ്യാനങ്ങൾ, സെമിനാറുകൾ, കോൺഫ്രൻസുകൾ തുടങ്ങിയവയ്ക്ക് വേദിയായും, കുടുംബസമ്മേളന



വേളാങ്കണ്ണിമാതാ & സെന്റ് ആന്റണി



സെന്റ് തോമസ് കപ്പേള, പള്ളിനട



വി.ചെറുപുഷ്പം കപ്പേള



സെന്റ് ആന്റണീസ് കപ്പേള

കേന്ദ്രസമിതി, ഫാമിലി അപ്പസ്റ്റൊലേറ്റ്, മാതൃസംഘം, വനിതാകമ്മീഷൻ തുടങ്ങിയവയുടെ രൂപതാതലത്തിലുള്ള കേന്ദ്ര ഓഫീസുകളും ഇവിടെ പ്രവർത്തിക്കുന്നു.

## വി. അൽഫോൻസാപള്ളി

വല്ലക്കുന്ന് പ്രദേശത്ത് തദ്ദേശവാസികളായ കല്ലേറ്റുംകര ഇടവകക്കാരുടെ അത്യുത്സാഹത്താൽ വി. അൽഫോൻസായുടെ നാമധേയത്തിൽ ഒരു കുരിശുപള്ളി സ്ഥാപിതമായി. വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയെ വിശുദ്ധയായി റോമിൽ മാർപാപ്പ പ്രഖ്യാപിച്ച സുദിനമായ 2008 ഒക്ടോബർ 12-ാം തിയ്യതി ഞായറാഴ്ച തന്നെയാണ് വി. അൽഫോൻസായുടെ നാമധേയത്തിൽ പണിതുയർത്തിയ കുരിശുപള്ളി (Church Hall) ഇരിങ്ങാലക്കുട രൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസ് കാവുങ്കൽ അച്ചൻ വെഞ്ചിരിച്ചത്. കല്ലേറ്റുംകര വികാരിയായ ബഹു. തോമസ് പഞ്ഞിക്കാരൻ അച്ചന്റെ നേതൃത്വത്തിൽ കല്ലേറ്റുംകര ഇടവകയുടെ കീഴിലുള്ള ഈ കുരിശുപള്ളിയിൽ ഞായറാഴ്ചകളിലും ബുധനാഴ്ചകളിലുമായിരുന്നു, വി. കുർബാന. പിന്നീട് പുല്ലൂർ, മുരിയാട് എന്നീ ഇടവകകളിലെ ചില കൂടുംബങ്ങളെയുംകൂടി ഉൾപ്പെടുത്തി 2009 ജൂൺ 27-ന് ഒരു സ്വതന്ത്ര ഇടവകയായി രൂപീകൃതമായി.



സെന്റ് ജോൺ കപ്പേള



ലൂർദുമാതാ ഗ്രോട്ടോ



ഉണ്ണിമിശിഹാ സ്തൂപം



സെന്റ് സെബാസ്റ്റ്യൻസ് സ്തൂപം